**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2521** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വിദ്യാഭ്യാസ പഠനവുമായി ബന്ധപ്പെട്ട ആപ്ലിക്കേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ഓൺലൈൻ വിദ്യാഭ്യാസ പഠനവുമായി ബന്ധപ്പെട്ട് വിവിധ മൊബൈൽ ആപ്ലിക്കേഷനുകളും ഓൺലൈൻ ട്യൂഷനുകളും പ്രചരിപ്പിക്കുന്നതും വിൽക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം ആപ്ലിക്കേഷനുകളിൽ ചിലത് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഒരു പോലെ ചൂഷണം ചെയ്യുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരം ആപ്ലിക്കേഷനുകൾ നിയന്ത്രിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഇത്തരത്തിലുള്ള ആപ്ലിക്കേഷനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിയന്ത്രിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ